**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 834** **31-01-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ വികസന പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന ഏജൻസികളുടെ പ്രവർത്തനങ്ങളും പ്രവൃത്തികളുടെ ഗുണമേന്മയും വിലയിരുത്താറുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഏജൻസികൾക്ക് സമയബന്ധിതമായി പണം നൽകാത്തതും ട്രഷറി നിയന്ത്രണങ്ങളും പദ്ധതി പ്രവർത്തനം മന്ദഗതിയിലാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 വർഷം അനുവദിച്ച ചീക്കോട് ഗ്രാമപഞ്ചായത്തിലെ പാലപ്പറമ്പ് പട്ടികജാതി കോളനിയിലേക്കുള്ള പദ്ധതിയുടെ ഭരണാനുമതിയും മറ്റും വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത കോളനിയിലെ പദ്ധതിയുടെ ഡി.പി.ആർ - ലെ ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് അംഗീകരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ? | (ഇ) | പദ്ധതി നിർവ്വഹണത്തിലെ അപാകതകളും കാലതാമസവും പരിഹരിക്കുന്നതിനായി മാർഗ്ഗരേഖകൾ പരിഷ്കരിച്ച് സമഗ്രമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ